## പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4563 — 17.12.2014 ലെ മറുപടിക്ക്

## വാമനപുരത്തെ സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻനായർ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം കോളനികളിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | വാമനപുരം നിയോജക മണ്ഡലത്തിൽ 2012-13 വർഷം നെടുന്തേരികുന്ന് കോളനിയെയും, 2013-14 വർഷം അംബേദ്കർ കോളനിയെയും സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| (ബി) | വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെങ്കിലും കോളനികളിൽ പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | വാമനപുരം നിയോജക മണ്ഡലത്തിൽ നെടുന്തേരികുന്ന് കോളനിയിലും, അംബേദ്കർ കോളനിയിലും സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം വർക്കുകൾ ചെയ്യുന്നതിനുള്ള പൂർണമായ എസ്റ്റിമേറ്റുകൾ ഏജൻസി നാളിതു വരെ സമർപ്പിച്ചിട്ടില്ല. |
| (സി) | പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് കരാർ എടുക്കുന്ന സ്ഥാപനങ്ങൾ യഥാസമയം പണികൾ പൂർത്തിയാക്കാതെ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | എങ്കിൽ അവരുടെ പേര് വിവരങ്ങളും , എന്തു നടപടികളാണ് അവർക്കെതിരെ സ്വീകരിച്ചതെന്നും അറിയിക്കുമോ? | (ഡി) | എംപാനൽഡ് ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിന് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ